**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2577** **23-02-2026 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവർത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഉടുമ്പൻചോല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ 22272 സർവ്വീസ് കണക്ഷൻ നൽകുകയും ദ്യുതി സ്കീമിൽ ഉൾപ്പെടുത്തി 34 കോടി രൂപയുടെ പ്രവർത്തികൾ ചെയ്തിട്ടുള്ളതുമാകുന്നു. ഇതിൽ 328 ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും, 156.5 കി മീ എച്ച് റ്റി ലൈനും 345.08 കി.മീ എൽ റ്റി ലൈനും വലിച്ചിട്ടുണ്ട്. കൂടാതെ നെടുങ്കണ്ടത്ത് 2 കോടി രൂപ ചിലവാക്കി മിനിവൈദ്യുതി ഭവനം നിർമ്മിക്കുന്നതിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുകയും ചെയ്തു.<br><br>2016 മുതൽ നാളിതുവരെ ഉടുമ്പൻ ചോല മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>2019 സെപ്റ്റംബർ 16-ന് 33 kV വണ്ടൻമേട് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്തു.<br><br>പ്രസരണമേഖല ശക്തിപ്പെടുത്തുവാനും, ഉയർന്നുവരുന്ന വൈദ്യുതി ആവശ്യകത ലഭ്യമാക്കുവാനും, വോൾട്ടേജ് മെച്ചപ്പെടുത്തുവാനും വേണ്ടി രാമക്കൽമേട് ഗ്രീൻ എനർജി കോറിഡോർ (RGC) പ്രോജക്റ്റിന്റെ ഭാഗമായുള്ള പുഷ്പകണ്ടം 33/110 kV GIS സബ്സ്റ്റേഷനിലേക്കുള്ള പുഷ്പകണ്ടം-നെടുങ്കണ്ടം 9 കിലോമീറ്റർ 110 kV ലൈനിന്റെ നിർമ്മാണവും അതിനനുബന്ധമായിട്ടുള്ള കുത്തുങ്കൽ-നെടുങ്കണ്ടം 17 കിലോമീറ്റർ 110 kV ലൈനിന്റെ നിർമ്മാണവും പുരോഗമിച്ചു വരുന്നു.<br><br>66 kV നെടുങ്കണ്ടം, കട്ടപ്പന സബ്സ്റ്റേഷനുകൾ 110 kV നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തികളും, 33 kV സബ്സ്റ്റേഷൻ ഉടുമ്പൻചോലയുടെ നിർമ്മാണ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | വാഴത്തോപ്പ് 66 kV സബ്സ്റ്റേഷൻ 110 kV നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായുള്ള പ്രവൃത്തിയുടെ DPR-ന് അനുമതി ലഭിച്ചു. തുടർ നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.<br><br>33 kV നെടുങ്കണ്ടം-വണ്ടൻമേട് ലൈൻ ഭൂഗർഭ കേബിൾ ആക്കി മാറ്റുന്ന പ്രവൃത്തി (21കിലോമീറ്റർ) RDSS പദ്ധതിയിൽ പുരോഗമിച്ചു വരുന്നു.<br><br>33 kV ഉടുമ്പൻചോല-കുത്തുങ്കൽ ലൈൻ നിർമ്മാണം - ഉടൻ ആരംഭിക്കുന്നതാണ്.<br><br>ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 100 kW സ്ഥാപിത ശേഷിയിൽ 21 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി ആകെ 45,00,000/- രൂപ ചിലവാക്കിയിട്ടുണ്ട്. എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 10 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ വിശദാംശങ്ങളും ചെലവഴിച്ച തുകയും **അനുബന്ധം-1** ആയി ചേർത്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**<u>അനെർട്ട്</u>**<br><br>**2016** മുതൽ നാളിതുവരെ ഉടുമ്പൻചോല മണ്ഡലത്തിൽ അനെർട്ട് മുഖേന സൗരോർജ്ജ നിലയങ്ങളും**,** സൗരോർജ്ജ തെരുവു വിളക്കുകളും വിവിധ സർക്കാർ സ്ഥാപനങ്ങളിലായി സ്ഥാപിച്ചു**.** വിശദാംശങ്ങൾ **അനുബന്ധം -2** ആയി ചേർക്കുന്നു**.** |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

*List of Pole mounted Charging Station in Udumbanchola Constituency*

| SL No. | Location Name | Section | Amount (in Lakhs) |
|---|---|---|---|
| 1 | Near Kallar New Mini Vaidhyuthy Bhavan | Nedumkandom | 2.79 |
| 2 | Vandenmedu Board Ganesha statue | Vandanmedu | |
| 3 | Rajakkadu Town | Rajakkadu | |
| 4 | Rajakumari Town | Rajakumari | |
| 5 | Near Santhanpara Bus Stop | Rajakumari | |
| 6 | Erattayar Market | Erattayar | |
| 7 | Near Thookupalam Electrical Section | Thookkumpalam | |
| 8 | Near Pampadumpara Panchayath Office | Nedumkandom | |
| 9 | Udumbanchola Town | Udumbanchola | |
| 10 | Senapathy Jn. | Rajakumari | |

**അനുബന്ധം –2**

## 2016 മുതൽ നാളിതുവരെ ഉടുമ്പൻചോല മണ്ഡലത്തിൽ അനെർട്ട് മുഖേന സൗരോർജ്ജ നിലയങ്ങളും, സൗരോർജ്ജ തെരുവു വിളക്കുകളും വിവിധ സർക്കാർ സ്ഥാപനങ്ങളിലായി സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ

**Solar Power plants under Deposit Scheme -Idukki District , Udumbanchola Constituency**

| Sl. No. | Constituency | Location | Project Name | Work Order Amount | Work Order Date (mm-dd-yy) | Capacity (Kw) | Plant Type |
|---|---|---|---|---|---|---|---|
| 1 | Udumbanchola | Nedumkandam | GHSS Chottupara- SSA Phase 1 | 2,16,224/- | 1/1/2021 | 5 | On Grid |
| 2 | Udumbanchola | Nedumkandam | Udumbanchola Grama panchayath Office | 10,56,413/- | 2/26/2021 | 10 | Off Grid |
| 3 | Udumbanchola | Rajakkad | Gov. High School Rajakkad | 6,25,900/- | 7/3/2023 | 10 | On Grid |
| 4 | Udumbanchola | Pampadumpara | Gov. High School Kallar , Mundiyeruma | 3,41,400/- | 7/3/2023 | 5 | On Grid |
| 5 | Udumbanchola | Rajakkad | Gov. Higher Secondary School Rajakkad | 3,41,400/- | 7/3/2023 | 5 | On Grid |
| 6 | Udumbanchola | Rajakumary | GVHSS Rajakumari | 3,41,400/- | 7/3/2023 | 5 | On Grid |
| 7 | Udumbanchola | Pampadumpara | Gov. Higher Secondary School Kallar ,Mundiyeruma | 3,41,400/- | 7/3/2023 | 3 | On Grid |

**Solar Streetlights under Deposit Scheme -Idukki District , Udumbanchola Constituency**

| Sl. No. | Constituency | Location | Project Name | Work Order Amount | Work Order Date (mm-dd-yy) | Solar Street Light No.s |
|---|---|---|---|---|---|---|
| 1 | Udumbanchola | Santhanpara | 5 Nos of 20W Solar Street Lighs at Santhanpara Grama panchayath | 2,42,500/- | 3/9/2022 | 5 |
| 2 | Udumbanchola | Santhanpara | 7 Nos of 20WSolar Street Lighting Systems (Model2) Santhanpara Grama panchayath | 3,39,500/- | 4/19/2023 | 7 |

`

| | | | | | | |
|---|---|---|---|---|---|---|
| 3 | Udumbanchola | Santhanpara | 2 Nos. of Solar Street Light (Model C) at Pooppara SC Colony and Chundal SC Colony in Santhanpara Grama panchayath | 1,07,974/- | 7/8/2024 | 2 |
| 4 | Udumbanchola | Rajakkad | 2 Nos. of 35W Model E Solar Street Lights at Gov. ITI Rajakkad | 1,24,800/- | 12/27/2024 | 2 |